പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *771 | 08.11.2016 ൽ മറുപടിയ്ക്ക് |
|---|---|
| **ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.മുരളി പെരുനെല്ലി**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.വി. അബ്ദുറഹിമാൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന നിലവിലുണ്ടോ; | (എ) ഉണ്ട്; സംസ്ഥാനത്ത് ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന നിലവിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഗർഭകാലത്തെ പരിചരണവും മറ്റ് സേവനങ്ങളും ഉറപ്പാക്കുന്നതോടൊപ്പം സുരക്ഷിതമായ പ്രസവവും 6 മാസം വരെയുള്ള സമ്പൂർണ്ണമായ മുലയൂട്ടലും ഉറപ്പാക്കുകയും ഉചിതമായ മറ്റ് നടപടികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.<br>2. 6 മാസം വരെ സമ്പൂർണ്ണ മുലയൂട്ടൽ സഹിതമുള്ള ശിശുക്കളുടെയും കുട്ടികളുടെയും ആരോഗ്യ പോഷണ പരിപാലനകാര്യത്തിൽ അമ്മമാർക്ക് പ്രോത്സാഹനം നൽകുക.<br>3. ഗർഭിണികളുടെയും പാലൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപോഷണ നിലവാരം ഉയർത്തുക. |
| (സി) ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കുട്ടികൾ എന്നിവരുടെ ആരോഗ്യ-പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം 2013 പ്രകാരം മെറ്റേണിറ്റി ബെനിഫിറ്റായി 6000/- രൂപ ലഭിക്കുന്നു. സ്ത്രീയുടെയും അവർ പ്രസവിക്കുന്ന കുഞ്ഞിന്റെയും ആരോഗ്യ/പോഷണ സംബന്ധമായ ചുവടെ ചേർക്കും പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്ന മുറയ്ക്കാണ് ഈ സാമ്പത്തികാനുകൂല്യം നൽകുന്നത്.<br>1. ഗർഭകാല രജിസ്ട്രേഷൻ ഗർഭിണിയായി 4 മാസത്തിനകം അങ്കണവാടി വഴിയോ ഹെൽത്ത് സെന്റർ വഴിയോ രജിസ്റ്റർ ചെയ്യണം. ഗർഭകാലയളവിൽ 2 ആന്റിനേറ്റഡ് കെയർ ചെക്കപ്പിനോടൊപ്പം അയൺ & ഫോളിക്കാസിഡ് ഗുളികകൾ, ടി.ടി. എന്നിവ എടുത്തിരിക്കണം.<br>2. ജനനം രജിസ്റ്റർ ചെയ്യുന്നതോടൊപ്പം കുഞ്ഞിന് |

| | |
|---|---|
| | ബി.സി.ജി, ഡി.പി.റ്റി 1,2,3, ഒ.പി.വി എന്നിവ നൽകിയിരിക്കണം. പ്രസവം കഴിഞ്ഞ് 3 മാസത്തിനകം നവജാതശിശുവിന്റെ പോഷണം, വളർച്ച നിരീക്ഷണം എന്നിവ സംബന്ധിച്ച കൗൺസിലിംഗിന് പങ്കെടുത്തിരിക്കണം. ആദ്യ 6 മാസം മുലപ്പാൽ മാത്രമേ നൽകിയിട്ടുള്ളു എന്നും കുട്ടിയ്ക്ക് കോംപ്ലിമെന്ററി ഭക്ഷണം കൊടുത്തു തുടങ്ങിയിട്ടുണ്ട് എന്നും കുട്ടിയുടെ മാതാവ് ഉറപ്പ് വരുത്തേണ്ടതാണ്. |
| (ഡി) ഈ പദ്ധതിയ്ക്കായി എത്ര രൂപയാണ് കേന്ദ്രവിഹിതമായി വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) 9,45,00,000/- രൂപ (ഒൻപത് കോടി നാൽപത്തിയഞ്ച് ലക്ഷം രൂപ മാത്രം) യാണ് കേന്ദ്ര വിഹിതമായി 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ